
4th ESTATE
MIRROR
THE OFFICIAL LAB JOURNAL OF JOURNALISM STUDENT, LISSAH



കൈതപ്പൊയിൽ ;ലിസ്സ കോളേജിൽ ജനുവരി 17, 18 തിയ്യതികളിൽ ഇന്റർ കോളേജിയേറ്റ് 'ഫെസ്റ്റ് ലിസോറ' സംഘടിപ്പിച്ചു.



രു ദിവസങ്ങളിലായി വ്യത്യസ്തങ്ങളായ 26 മത്സര ഇനങ്ങൾ അരങ്ങേറി. 200 ഓളം വിദ്യാർത്ഥികൾ വിവിധ കോളേജുകളെ പ്രതിനിധീകരിച്ചു പങ്കെടുത്തു



ലിസോറ ഫെസ്റ്റിന്റെ മുഖ്യ ആകർഷണമായി ലിസ്സ കോളേജ് വിദ്യാർഥികൾ അണിയിച്ചൊരുക്കിയ കൾച്ചറൽ ഫെസ്റ്റ്.

# ലിസോറ : ഒരു പ ുതിയ തുടക്കം

കൈതപ്പൊയിൽ ലിസ്സാ കോളേജിൽ അറിവിന്റെയും സർഗ്ഗത്മകതയുടെയും പുതിയ മാനങ്ങൾ തേടിക്കൊണ്ട് ആദ്യ ഇന്റർ കോളേജിയേറ്റ് ഫെസ്റ്റ് ലിസോറ 2025 നടത്തി. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള കോളേജുകളെ പ്രതിനീധീകരിച്ചു ഏതാണ്ട് 200 ൽ പരം വിദ്യാർത്ഥികൾ ഫെസ്റ്റിന്റെ ഭാഗമായി. സ്റ്റാഫ് കോർഡിനേറ്റർമാരായ ശ്രീ. സുബിൻ വർഗീസ്, ശ്രീമതി അലന്റ അൽഫോൻസ് മാത്യു എന്നിവരുടെ നേതൃത്വത്തിൽ അരങ്ങേരിയ ഫെസ്റ്റിനു ജനുവരി 17 ന് തുടക്കം കുറിച്ചു. എഴുത്തുകാരൻ, റേഡിയോ ജോക്കി, നടൻ എന്നീ നിലകളിൽ പ്രതിഭ തെളിയിച്ച ശ്രീ. ജോസഫ് അന്നംകുട്ടി ജോസ് ഫെസ്റ്റ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.





കൈതപ്പൊയിൽ ലിസ്സ കോളേജ് ഇന്റർ കോളേജിയേറ്റ് ഫെസ്റ്റ് ലിസോറ ഉദ്ഘടന ചടങ്ങിൽ നിന്നും

ആദ്യ ദിനം ജനുവരി 17 ന് വിദ്യാർത്ഥികളിലെ ഭൗദ്ധിക ക്രിയാത്മക ശേഷികൾ പരിശോധിക്കുന്ന നിരവധി മത്സരങ്ങൾ അരങ്ങേറി. പ്രായോഗിക ബുദ്ധി പരീക്ഷിക്കുന്ന ബിസിനസ് ക്വിസ് മത്സരം,മാർക്കറ്റിംഗ് സാങ്കേതികത പരീക്ഷിക്കുന്ന ബ്രാൻഡ് റെയ്സ്. ബ്ലൈൻഡ് ടൈപ്പിംഗ്, .ഡിബേറ്റ്, ഫെയ്സ് പെയിന്റിംഗ്, തീം ഡാൻസ്, കാർട്ടൂൺ മത്സരം, എസ്കേപ്പ് ദ റൂം, ഡിക്ലാമേഷൻ, മ്യൂസിക് ബാൻഡ്, കവിത എഴുത്ത്, ഫോട്ടോഗ്രഫി, പിക്സ് റ്റെസ്റ്റ്ം പോർ തുടങ്ങി വിവിധ കലാസാഹിത്യ മത്സരങ്ങൾക്കു ആദ്യ ദിനം വേദിയായി.

ലിസൗറ 2025ന്റെ പ്രധാന ആകർഷണങ്ങളിൽ ഒന്നായ ആർജെ ഹണ്ട് വിദ്യാർത്ഥികളിൽ വലിയ ആവേശം സൃഷ്ടിച്ചു. സംവാദമികവുകളും ശബ്ദപ്രഭവവും അനാവരണം ചെയ്യുന്ന ഈ മത്സരത്തിൽ നിരവധി മത്സരാർത്ഥികൾ പങ്കെടുത്തു. ഒന്നാം സമ്മാനം 5000 രൂപയായിരുന്നു.

സൂചനകളുടെ പാഴ്സ്ലുകളും രസകരമായ വെല്ലുവിളികളും നിറഞ്ഞ ട്രഷർ ഹണ്ട് വിദ്യാർത്ഥികളിൽ ശക്തമായ ആവേശമുണ്ടാക്കി. സംഘപരിവേഷത്തിൽ നടക്കുന്ന ഈ മത്സരത്തിൽ വിജയികൾക്ക് വലിയ പ്രശംസയും സമ്മാനങ്ങളും കാത്തിരിന്നു. ജനുവരി 18ലെ രണ്ടാം ദിനം മത്സരങ്ങളും കൗതുകം നിറഞ്ഞതായിരുന്നു. അഡ് റീൽ മേക്കിംഗ്, ഡീബഗിംഗ്, ഗെയിമിംഗ് പ്രേമികൾക്കുള്ള വേദിയായ ഇഫുട്ബോൾ മത്സരം, മ്യൂസിക് ബാൻഡ്,മൈം അങ്ങനെ വിവിധ പരിപാടികൾ ഉണ്ടായിരുന്നു. പഠനത്തിന് പുറമെ ഇത്തരമൊരു അനുഭവം ജീവിതത്തെ ശക്തമായി മാറ്റുകയാണ് എന്ന് ഒരു പങ്കാളി അഭിപ്രായപ്പെട്ടു. മുപ്പത് കോളജുകളിൽ നിന്ന് ഇരുന്നൂറോളം കുട്ടികൾ പങ്കടുത്ത ഈ ഫെസ്റ്റിൽ കോഴിക്കോട് കാലിഫ് ലൈഫ് സ്കൂൾ ഓവർ ഓൾ ചാംപ്യൻഷിപ് നേടി

# പുസ്തക പ്രകാശനം നിർവ്വഹിച്ചു

കൈതപ്പൊയിൽ: മൂന്നുറോളം വിദ്യാർത്ഥികളുടെ കലാവാസനയും സർഗ്ഗവാസനയും പ്രദർശിപ്പിക്കാൻ കൈതപൊയിലിലെ ലിസ്സ കോളേജ് ലിസ്സോറ 2025 അണിയിച്ചൊരുക്കി. റേഡിയോ ജോക്കിയായയും, എഴുത്തുകാരാനായും, മോട്ടിവേഷൻ സ്പീക്കർ ആയും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ജോസഫ് അന്നകുട്ടി ജോസ് ലിസ്സോറേ ഫെസ്റ്റിന് തിരി തെളിച്ചു. ജീവിതത്തെ ഒരു പ്രത്യേക കോണിൽ നിന്ന് മാത്രം വീക്ഷിക്കാതെ പല അർത്ഥതലങ്ങൾ കണ്ടെത്താൻ മലയാളികളെ പഠിപ്പിച്ച ഈ യുവാവിന്റെ വാക്കുകൾ വിദ്യാർത്ഥികൾക്ക് ഒരു പ്രചോദനമായി തന്റെ ശബ്ദത്തിലൂടെ യുവ ജനതയെ ഒന്നടങ്കം തന്റെ ആരാധകാരാക്കി. ഒരു മോട്ടിവേഷൻ സ്പീക്കർ എന്ന നിലയിൽ, അദ്ദേഹത്തിന്റെ ഉർജസ്വലമായ വാക്കുകൾ മുന്നോട്ടുള്ള ജീവിതയാത്രയെ ത്വരിപെടുത്താനും പുതിയ പ്രതീക്ഷകൾക്ക് ജീവൻ നൽകാനും ഏറെ പ്രയോജനകരമായി. അദ്ദേഹം തൻറെ ജീവിതാനുഭവങ്ങളുടെ നേർകാഴ്ചകൾ പ്രചോദനപരമായി അവതരിപ്പിച്ചു. കോളേജ് വൈസ് പ്രിൻസിപ്പൽ ഫാദർ ജോബി കൊച്ചുപുര





കോളേജ് വൈസ് പ്രിൻസിപ്പൽ ഫാദർ ജോബി കൊച്ചു പുരയലിന്റെ പുസ്തകം ഫെസ്റ്റ് ഉദ്ഘാടന വേദിയിൽ പ്രകാശനം ചെയ്യുന്നു

യിൽ എഴുതിയ 'ഷേക്സ് സ്പെയർ സിംപ്ലിഫൈഡ്' എന്ന പുസ്തകത്തിന്റെ പ്രകാശനം ഉദ്ഘാടന ചടങ്ങിൽ വച്ച് ജോസഫ് അന്നകുട്ടി ജോസ് നിർവ്വഹിച്ചു.

# കൾച്ചറൽ ഫെസ്റ്റിൽ തിളങ്ങി ലിസോറ

.കൈതപ്പൊയിൽ: ലിസ കോളേജിന്റെ ആദ്യത്തെ ഇന്റർ കോളേജിയറ്റ് ഫെസ്റ്റായ ലിസാറ, ജനുവരി 17, 18 തിയ്യതികളിൽ സംഘടിപ്പിച്ചു.കോളേജ് ഓഡിറ്റോറിയ



ലിസോറ ഫെസ്റ്റിൽ ലിസ്സ കോളേജ് വിദ്യാർഥികൾ അവതരിപ്പിച്ച സംഘനൃത്തം

ത്തിൽ നടന്ന കൾച്ചറൽ ഫെസ്റ്റ് എല്ലാവരുടെയും ശ്രദ്ധയാകർഷിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ നൈപുണ്യം പ്രകാശിപ്പിക്കാനുള്ള അവസരമായിരുന്നു ഇത്. 'സിനിമ' എന്ന തീമിനു അധിഷ്ഠിതമായിരന്നു ഓരോ പരിപടിയും. സംഗീതം, നൃത്തം, അഭിനയം തുടങ്ങിയ വിവിധ മേഖലകളിൽ വിദ്യാർത്ഥികൾ പ്രതിഭ തെളിയിച്ചു. രണ്ടു മണിക്കൂറോളം നീണ്ടു നിന്ന കൾച്ചറൽ പരിപടിയിൽ ലിസ്സാ കോളേജിലെ തന്നെ വിദ്യാർത്ഥികളാണു പങ്കെടുത്തത്.മൂന്നാംവർഷബിരുദ വിദ്യാർത്ഥിനികൾ ഹസ്നയും ജിൽസയും ഈ സാംസ്കാരിക കൂട്ടായ്മയ്ക്ക് നേതൃത്വം വഹിച്ചു.

വെൽക്കം ഡാൻസോട് കൂടിയാണ് പരിപാടി ആരംഭിച്ചത്. പഴയകാല നൃത്തശൈലികളും സംഗീതവും ഒരുമിച്ച് അവതരിപ്പിച്ചവിന്റേജ്ഡാൻസുംമലയാളികളുടെ എക്കാലത്തേയും പ്രിയ ചലച്ചിത്ര കഥാപത്രമായ നാഗവല്ലിയുടെ നൃത്ത വിസ്മയവും, ആധുനിക കാലഘട്ടത്തിലെ ലൈറ്റ് ഡാൻസും, സിനിമയിലെ കഥാപത്രങ്ങൾ കേന്ദ്രീകരിച്ചു നടത്തിയ നാടകവും കാണികളെ ആവേശഭരിതരാക്കി. കഥക്, ഡിസ്കോ ഡാൻസ്, തമിഴ് ഗാനാലാപനം, തമിഴ് നൃത്തം എന്നിവയുമയിരിക്കുന്നു മറ്റ് പരിപാടികൾ. ഓരേ സമയം പല സംഗീത ഉപകരണങ്ങൾ കൊണ്ട് വിസ്മയിപ്പിച്ച ബാൻഡ് ഗാനത്തോട് കൂടി ആദ്യദിന പരിപടി അവസനിപ്പിച്ചു.. ജനുവരി 18 നു വൈകുന്നേരം യുവതാരമായ ഡിജെ റെയ്സ്, ഹിപ ഹോപ്പ്, സിനിമാറ്റിക് എന്നീ ഗാനങ്ങളും മറ്റും ഉൾപെടുത്തി നടത്തിയ ഡിജെ, വിദ്യാർത്ഥികൾക്ക് കൂടുതൽ ഉന്മേഷം സമ്മാിച്ചു. ഒന്നരമണിക്കൂറോളം നീണ്ടു നിന്ന ഡിജെയോഡുകൂടി ലിസോറ'സമാപിച്ചു.

# പ്രേക്ഷകരെ കയ്യിൽ എടുത്ത് ആർ ജെ ഹണ്ട്

ലിസ്സാ കോളേജിലെ ആദ്യത്തെ ഇന്റർ കോളേജിയേറ്റ് ഫെസ്റ്റ് ലിസോറ 2025 യിൽ ഏറെ പ്രേക്ഷകശ്രദ്ധ പിടിച്ചു പറ്റിയ ഒന്നായിരുന്നു ആർ ജെ ഹണ്ട് ജനുവരി 18 ആം തിയതി ലിസ്സ കോളേജ് ജേർണലിസം ഡിപ്പാർട്മെന്റിന്റെ നേതൃത്വത്തിൽ സങ്കടിപ്പിച്ചു ഈ മത്സരത്തിൽ റേഡിയോ ജോക്കികളായ ആർ. ജെ വിനു ആർ. ജെ ശരത് എന്നിവർ വിധികർത്തക്കളായി എത്തി. റെയിൻ ബോ എഫ്മിലെ റേഡിയോ ജോക്കികളാണ് ഇരുവരും. ശബ്ദകല യിലൂടെ പ്രേക്ഷകരുടെ മനസുകൾ കീഴക്കുകയും അവരിൽ ആവേശവും കൗതുകവും പകർന്നുകുകൊണ്ടുള്ള അത്ഭുതകരമായ ദൃശ്യശബ്ദ വിസ്മയത്തിനാണ് ലിസ്സ കോളേജ് ഓഡിറ്റോറിയം സാക്ഷ്യം വഹിച്ചത്. നാല് ഘട്ടങ്ങളിലയായാണ് മത്സരം സംഘടിപ്പിച്ചത്. 20 കോളേജുകളിൽനിന്നും 16 ഓളം മത്സരാർത്ഥികളാണ് പരിപാടിയിൽ പങ്കെടുത്തത്. സ്വയം പരിചയപെടുത്തിക്കൊണ്ടാണ് ആദ്യഘട്ടം ആരംഭിച്ചത്. 2024 എന്ന വർഷം സമ്മാനിച്ച സന്തോഷ സങ്കട മുഹൂർത്തങ്ങൾ എന്നാ വിഷയത്തിൽ അധിഷ്ഠിതമായുള്ള ഈ റൗണ്ട് ഓരോ മത്സരാർഥിയും ആവേശത്തോടെ കൈകാര്യം ചെയ്തു. രണ്ടാം ഘട്ടത്തിൽ വിധികർത്തകൾ നൽകുന്ന വിഷയത്തെക്കുറിച്ചു ഒരു മിനിറ്റിൽ വാചലമായും തന്മയത്വത്തോടെയും സംസാരിക്കുക എന്നതായിരുന്നു ടാസ്ക്. രണ്ട് ഘട്ടങ്ങൾക്ക് ശേഷം പങ്കെടുത്ത 17 മത്സരാർഥികളിൽ നീന്നും 4 പേരെ ഫൈനൽ





ആർ ജെ ഹ് മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ കേരള യൂണിവേഴ്സിറ്റി വിദ്യാർത്ഥി അനു പൗലോസിന് കോളേജ് ഡയറക്ടർ നിജു തലച്ചിറ ക്യാഷ് പ്രൈസ് നൽകുന്നു.

റൗണ്ടകളിലേക്ക് തെരഞ്ഞെടുത്തു. മൂന്നാം ഘട്ടത്തിൽ ലിസ്സ കോളേജിലെ ഒരു അധ്യാപികയ്ക്ക് കണ്ണട നൽകി, കണ്ണട ഊരുകയും വയ്ക്കുകയും ചെയ്യുമ്പോൾ ലഭിച്ച വിഷയത്തിന്റെ ഗുണവും ദോഷവും തമാശ രൂപേണ അവതരിപ്പിക്കുക എന്നതായിരുന്നു മത്സരാർത്ഥികളുടെ ധൗത്യം. ഈ റൗണ്ട് വൻ തോതിൽ പ്രേക്ഷകർ ഏറ്റെടുത്തു.നാലാം ഘട്ടംചോദ്യോത്തരവേളയായിരുന്നു. നർമവും വസ്തുതകളും കലർന്ന സംവാദം പ്രേക്ഷകരെ ആവേശഭരിതരാക്കി. ആന്തരികമായ ചിന്താശക്തിയും, അഗാധമായ പൊതുബോധവും കോർത്തിണക്കിയ ആ ർ. ജെ ഹണ്ട് പ്രേക്ഷകരുടെ ശ്രദ്ധ പിടിച്ചുപറ്റി. വാശിയോറിയ മത്സരങ്ങൾക്കൊടുവിൽ, വിജയിയെ തിരെഞ്ഞെടുക്കുക എന്നത് വിധികർത്തകൾക്കൾക്ക് ശ്രമകാരമായിരുന്നു. കേരള യൂണിവേഴ്സിറ്റി വിദ്യാർത്ഥി അനു പൗലോസ് ഒന്നാം സമ്മാനമായ 5000 രൂപയ്ക്ക് അർഹനായി.